# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1880 15.07.2016-ൽ മറുപടിയ്ക്ക്

## വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ സാദ്ധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ്<br>,, കെ.മുരളീധരൻ<br>,, ഹൈബി ഈഡൻ<br>,, വി.എസ്.ശിവകുമാർ | അഡ്വ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ സാദ്ധ്യത ലക്ഷ്യമിട്ട് കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) വനാശ്രിത സമൂഹങ്ങൾ അംഗങ്ങളായ വന സംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി പങ്കാളിത്ത വന പരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വന സംരക്ഷണ വന പരിപാലന പ്രവർത്തികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടെയുള്ള വിവിധ പദ്ധതി-കൾ നടപ്പിലാക്കി വരുന്നുണ്ട്. ദേശീയ വന വൽക്കരണ പരിപാടി, ദേശീയ ഔഷധ സസ്യ ബോർഡ് ,ബാബൂ മിഷൻ എന്നിവ വഴിയുള്ള പദ്ധതികളിലെ വനവൽക്കരണ പരിപാടികൾ ആദി-വാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്ത ത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതികൾ വഴി കൂടുതൽ തൊഴിലവ സരങ്ങളും ക്ഷേമ പ്രവർത്തനങ്ങളും വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. അതുപോലെ സംസ്ഥാന പദ്ധതി വിഹിത ത്തിലൂടെയും, ടൂറിസം വകുപ്പിന്റെയും ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ വഴിയും വനാശ്രിത സമൂഹത്തിലെ യുവതീ-യുവാക്കൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധന സഹായത്തോടെയുള്ള പദ്ധതികൾ മുഖേന വികസന പ്രവർത്തനങ്ങൾ വഴിയും കൂടുതൽ തൊഴിലവസരങ്ങളും, ക്ഷേമ പ്രവർത്തനങ്ങളും ആദിവാസികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് വിശദീകരിക്കുമോ; | ബി) | വനവൽക്കരണ, വന സംരക്ഷണ പ്രവർത്തികളിൽ പങ്കാളികളാക്കുക വഴി വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ നൽകുക, അവരുടെ ജീവിത നിലവാരം ഉയർത്തുക, അവരിൽ സ്വാശ്രയത്വം വളർത്തുക, അവരേയും സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരിക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിലൂടെ അവർക്ക് വനത്തോടുള്ള ആശ്രിതത്വം കുറയ്ക്കുക, വനത്തിനോട് ടി വിഭാഗങ്ങൾക്ക് കൂടുതൽ ആഭിമുഖ്യം വളർത്തുക അതിലൂടെ വന സംരക്ഷണം ഉറപ്പ് വരുത്തുക എന്നിവയും പ്രധാന ലക്ഷ്യങ്ങളാണ്. |
| സി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദമാക്കാമോ? | സി) | വനം വകുപ്പാസ്ഥാനത്തെ ഇക്കോ - ഡെവലപ്പ്മെന്റ് & ട്രൈബൽവെൽഫയർ വിഭാഗത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 36 വന വികാസ ഏജൻസികളുടെ അപെക്സ് ബോഡിയായ സംസ്ഥാന വന വികസന ഏജൻസി വഴിയാണ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കി വരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടെയുള്ള മേൽ പറഞ്ഞ പദ്ധതികളുടെ അംഗീകാരം, ഫണ്ട് ലഭ്യത എന്നിവ ഉറപ്പാക്കുക, ഫീൽഡ് തലത്തിലെ പദ്ധതി നടത്തിപ്പ്, ധന വിനിയോഗം എന്നിവ അവലോകനം ചെയ്യുക, പദ്ധതി നടത്തിപ്പിൽ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക, കൂടുതൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ ഭരണതലത്തിൽ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ